പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3217

21/12/2012 - ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് ജോലിയിലേർപ്പെടുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ

ചോദ്യം
ശ്രീ. എ. കെ. ബാലൻ

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലിയിലേർപ്പെടുന്നവർ അപകടങ്ങൾ വഴി പരിക്കേൽക്കുകയോ മരണമടയുകയോ ചെയ്താൽ അവർക്കോ കുടുംബത്തിനോ സംരക്ഷണം നൽകാൻ നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രവൃത്തിസ്ഥലത്ത് പരിക്ക്പറ്റിയാൽ പ്രവൃത്തി സ്ഥലത്ത് വച്ച് തന്നെ പ്രഥമശുശ്രൂഷ നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. പ്രഥമ ശുശ്രൂഷയ്ക്ക് ശേഷം ആവശ്യമെങ്കിൽ സൗജന്യ ആശുപത്രി ചികിത്സ, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ പ്രസ്തുത വ്യക്തിയ്ക്ക് പ്രവൃത്തി സ്ഥലത്ത് തുടർന്നുള്ള ദിവസങ്ങളിൽ പണിയെടുത്തിരുന്നെങ്കിൽ കിട്ടുമായിരുന്ന കൂലിയുടെ പകുതിക്ക് തുല്യമായ തുക ദിനബത്ത, എന്നിവ നൽകുന്നു. പണിസ്ഥലത്ത് വച്ച് തൊഴിലാളികൾക്കോ തൊഴിലാളിയെ അനുഗമിക്കുന്ന കുട്ടികൾക്കോ അപകടങ്ങളിൽപ്പെട്ട് മരണമോ ./ സ്ഥിരം അംഗവൈകല്യമോ സംഭവിച്ചാൽ കുടുംബത്തിന് 25000/- രൂപ എക്സ്ഗ്രേഷ്യ നൽകുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസത്തിലധികം പണിയെടുക്കുന്നവർക്ക് ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; സർക്കാർ പ്രീമിയം നൽകി ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ?

(ബി) ബാധകമല്ല.

സെക്ഷൻ ഓഫീസർ